# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3786        19.03.2018 ൽ മറുപടിക്ക്**

**തിരുനെട്ടൂർ റെയിൽവെ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം**

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2012-2013 സാമ്പത്തിക വർഷം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും 324 ലക്ഷം രൂപ അനുവദിച്ച തിരുനെട്ടൂർ റെയിൽവെ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ ; | (എ) തിരുനെട്ടൂർ റെയിൽവേ മേൽപ്പാല നിർമ്മാണം സ്റ്റീൽഡ് കൺസ്ട്രക്ഷൻ കമ്പനിയ്ക്ക് 6.47 കോടി രൂപയ്ക്ക് അവാർഡ്ചെയ്തിട്ടുള്ളതാണ്. മേൽപ്പാലത്തിന്റെ റെയിൽവേ ഭാഗത്തിന്റെ നിർമ്മാണ ചിലവ് എം.പി. ഫണ്ടിൽ നിന്നും ബാക്കി ഭാഗങ്ങളുടെ നിർമ്മാണ ചിലവ് മുൻ എം.എൽ.എ. മാരായ ലൂഡി ലൂയിസ് (3.24 കോടി), കെ.ബാബു (2.53 കോടി) എന്നിവരുടെ ആസ്തി വികസന ഫണ്ടിൽ നിന്നുമാണ് അനുവദിച്ചിരിക്കുന്നത്. നിലവിൽ റെയിൽവേഭാഗംപൂർത്തിയായിട്ടുള്ളതും, ബാക്കി ഭാഗങ്ങളുടെ 70% പണികൾപൂർത്തിയായിട്ടുള്ളതുമാണ് .ഇതുവരെ 4.44 കോടി രൂപയുടെ ബില്ലുകൾ സമർപ്പിച്ചതിൽ 3.31 കോടി രൂപയുടെ ബില്ലുകൾ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിർമ്മാണപ്രവർത്തനങ്ങൾപൂർത്തി യാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ? | (ബി) | മേൽപ്പാല അലൈൻമെന്റിലൂടെ കടന്നു പോകുന്ന ഐ.ഒ.സി പൈപ്പ് ലൈനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കേണ്ടി വന്നതും, ബില്ലുകൾ ലഭ്യമാക്കുന്നതിലെ കാലതാമസവും പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ട്. പണികൾ 2018 മെയ് അവസാനത്തോടെ പൂർത്തി-യാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

S. Bindu

**സെക്ഷൻ ഓഫീസർ**